# കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ്

**(ഒരു കേരള സർക്കാർ സ്ഥാപനം)**

# കുടുംബശ്രീ സി.ഡി.എസ്. കൾ മുഖേന നടപ്പിലാക്കുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് ഗ്രൂപ്പ് വായ്പാ പദ്ധതി

**(SHG LOAN SCHEME)**

## മാർഗ്ഗരേഖ – 2024

രണ്ടാം നില, അയ്യങ്കാളി ഭവൻ,
കനകനഗർ, കവടിയാർ പി.ഒ.,
തിരുവനന്തപുരം - 695003



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

## കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSPMMWDC Ltd.)

**2016** ൽ സ്ഥാപിതമായ കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കേരളത്തിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരും പരമ്പരാഗത കളിമൺ വ്യവസായവുമായി ബന്ധമുള്ള പാവപ്പെട്ട ആളുകളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്നു. കേരള സർക്കാരിൽ നിന്നുള്ള മൂലധന സഹായം (**Share Capital Assistance**) വിനിയോഗിച്ച് വിവിധ വായ്പാ പദ്ധതികൾ, കളിമൺപാത്ര ഉൽപ്പന്നങ്ങളുടെ മാർക്കറ്റിംഗ് എന്നിവ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. ചെറുകിട കളിമൺ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകളുടെ വികസനം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുക വഴി ടി സമുദായങ്ങളുടെ സർവ്വോന്മുഖമായ പുരോഗതിയാണ് കോർപ്പറേഷൻ ലക്ഷ്യം വയ്ക്കുന്നത്.

## കോർപ്പറേഷൻറെ പ്രധാന ലക്ഷ്യങ്ങൾ

കേരള സംസ്ഥാനത്തിലെ കളിമൺപാത്ര നിർമ്മാണ വിപണന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സമഗ്ര പുരോഗതിക്കു വേണ്ടി വ്യാവസായികം, കരകൌശലം തുടങ്ങിയ മേഖലകളിൽ ചെറുകിട യൂണിറ്റുകൾ തുടങ്ങാൻ വായ്പ നൽകുന്നു.

കോർപ്പറേഷൻറെ രജിസ്ട്രേഡ് ഓഫീസ് തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്നു.

## വനിതാ സ്വയം സഹായ സംഘങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് ഗ്രൂപ്പ് വായ്പാ പദ്ധതി.

വായ്പാ വിതരണ രംഗത്ത് ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് അവരുടെ പെട്ടെന്നുള്ള ആവശ്യങ്ങൾക്ക് ചെറിയ വായ്പകൾ ലഭിക്കുന്നതിനായി സ്വകാര്യ ധനമിടപാടുകാരെ സമീപിക്കേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്. പ്രസ്തുത സാധാരണക്കാരെ



File No. KPMWDC/584/2024-A1 (Computer No. 50569)
Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

സഹായിക്കുന്നതിന് പകരം അവരെ സാമ്പത്തികമായി ചൂഷണം ചെയ്തു സ്വയം വളരുകയാണ് സ്വകാര്യ പണമിടപാടു സ്ഥാപനങ്ങൾ ചെയ്യുന്നത്.

ഈ വസ്തുതകൾ മനസിലാക്കി **KSPMMWDC,** കുടുംബശ്രീ സി.ഡി.എസ്. വഴി വനിതാ ഗ്രൂപ്പ് വായ്പാ പദ്ധതികൾ നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി കേരള സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനം **(Share Capital Assistance)** ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

## മൈക്രോ ക്രഡിറ്റ് ഗ്രൂപ്പ് വായ്പാ പദ്ധതിയുടെ സവിശേഷതകൾ

- ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ കാലതാമസം കൂടാതെ വായ്പകൾ ലഭ്യമാക്കൽ.
- കാലവിളംബം കൂടാതെ ലഘു ആവശ്യങ്ങൾക്കായി വായ്പകൾ ലഭ്യമാക്കുകയും സ്വകാര്യപണമിടപാടുകാരിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുകയും ചെയ്യുക.
- വളരെ കുറഞ്ഞ പലിശയ്ക്ക് സ്വയം സഹായ സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുകയും, അംഗങ്ങൾക്ക് താരതമ്യേന കുറഞ്ഞ പലിശയ്ക്ക് വായ്പ വിതരണം ചെയ്യുക വഴി **SHG/JLG** ക്ക് ആസ്തിയും, അംഗങ്ങൾക്ക് ഒരു കൃത്യമായ തിരിച്ചടവ് രീതിയും സാമ്പത്തിക അച്ചടക്കവും ഉറപ്പാക്കുകയും ചെയ്യുക.
- ലഘു വായ്പാ പദ്ധതികൾ നടപ്പിലാക്കുന്നത് കുടുംബശ്രീ **CDS** അല്ലെങ്കിൽ മറ്റു അംഗീകൃത **NGO** വഴിയായിരിക്കും.

## സ്വയം സഹായ സംഘം (SHG)

നഗര ഗ്രാമ പ്രദേശങ്ങളിലെ ദരിദ്ര വിഭാഗത്തിൽപ്പെട്ടവരും ഒരേ സാമ്പത്തിക സാമൂഹ്യ സ്ഥിതിയിലുള്ളവരുമായ **10** മുതൽ **20** വരെ വ്യക്തികൾ ചേർന്ന് രൂപീകരിക്കുന്ന ഗ്രൂപ്പുകളാണ് സ്വയം സഹായ സംഘം. കുടുംബശ്രീ സി.ഡി.എസ്. കളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾ അയൽക്കൂട്ടങ്ങൾ **(Neighbour Hood Groups –NHG)**എന്ന് അറിയപ്പെടുന്നു.



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

**JLG (Joint Liability Group)(സംയുക്ത ബാധ്യതാ സംഘം)**

4 മുതൽ 10 പേരടങ്ങുന്ന സമാനമനസ്കരായ സംഘമാണ് സംയുക്ത ബാധ്യത സംഘം അഥവാ **Joint Liabilty Group. JLG** എന്നത് കൊണ്ട് കാർഷിക അനുബന്ധ ഗ്രൂപ്പുകൾ, മൈക്രോ എൻറെർപ്രൈസസ് (**ME**) എന്നിവയെ അർത്ഥമാക്കുന്നു. പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്ത പക്ഷം അയൽക്കൂട്ടങ്ങൾക്ക് നിഷ്കർഷിക്കുന്ന എല്ലാ വായ്പാ അർഹതാ മാനദണ്ഡങ്ങളും **JLG** ക്കും ബാധകമായിരിക്കും.

## കുടുംബശ്രീ സി.ഡി.എസ്. മുഖേന സ്വയം സഹായ സംഘങ്ങൾക്കുള്ള മൈക്രോ ക്രെഡിറ്റ് ഗ്രൂപ്പ് വായ്പാ പദ്ധതി

കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ കേരള സർക്കാരിൽ നിന്നുള്ള ഓഹരി മൂലധനം (**Share Capital Assistance**) കൊണ്ടാണ് വായ്പാ പദ്ധതി നടപ്പിലാക്കുന്നത്.

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക (ലക്ഷം) | സി.ഡി.എസ്. കളിൽ നിന്നും ഈടാക്കുന്ന പലിശ നിരക്ക് | അയൽക്കൂട്ടം, വ്യക്തികൾ എന്നിവരിൽ നിന്ന് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് | തിരിച്ചടവ് കാലാവധി |
|---|---|---|---|---|
| **SHG Loan** | **25** | **3%** | **4%** | **36 മാസം** |



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

## പദ്ധതികളുടെ പൊതു നിബന്ധനകൾ

1. പരമാവധി വായ്പ തുക

| | |
|---|---|
| ഒരു സി.ഡി.എസ്സിന് | - 25 ലക്ഷം രൂപ വരെ |
| ഒരു അയൽക്കൂട്ടത്തിന് | – 10 ലക്ഷം രൂപ വരെ |
| ഒരു JLG ക്ക് | – 2.5 ലക്ഷം രൂപ വരെ |
| ഒരു വ്യക്തിക്ക് | – 50,000 രൂപ വരെ |

കോർപ്പറേഷനിൽ നിന്നും ഇതിന് മുൻപ് മൈക്രോ ക്രെഡിറ്റ് വായ്പാ എടുത്തിട്ടുള്ള സി.ഡി.എസ്. / JLG / അയൽക്കൂട്ടം/വ്യക്തികൾ എന്നിവർക്കും പുതിയ വായ്പയ്ക്ക് അർഹതയുണ്ട്. സി.ഡി.എസ്- നു മേൽപ്പറഞ്ഞ പ്രകാരം അനുവദനീയമായ പരമാവധി വായ്പാ തുകയിൽ നിന്നും നാളിതുവരെ ലഭിച്ച വായ്പയുടെ തിരിച്ചടയ്ക്കാൻ മുതൽ ഇനത്തിൽ ബാക്കി നിൽക്കുന്ന സംഖ്യ കുറച്ചുള്ള തുക മാത്രമേ ഇനി ലഭിക്കുകയുള്ളൂ. JLG / അയൽക്കൂട്ടം / വ്യക്തികൾ എന്നിവർക്ക് ഒരു വായ്പയുടെ തിരിച്ചടവ് പൂർത്തീകരിച്ച ശേഷമേ തുടർ വായ്പക്ക് അർഹതയുള്ളൂ.

2 . ഒരു അയൽക്കൂട്ടത്തിന് അനുവദിക്കാവുന്ന പരമാവധി വായ്പാ തുക അയൽക്കൂട്ടത്തിൻറെ മിച്ചസമ്പാദ്യത്തിൻറെ (thrift) 5 ഇരട്ടിയിൽ നിന്നും നിലവിലുള്ള കടബാധ്യത കുറച്ചാൽ കിട്ടുന്ന തുകയിൽ കൂടാൻ പാടുള്ളതല്ല. (Maximum limit 10 Lakhs for SHG and 2.5 Lakh for JLG) കടബാധ്യത കണക്കാക്കുന്നതിന് അയൽക്കൂട്ടത്തിൻറെ മിച്ച സമ്പാദ്യത്തിൽ നിന്നുള്ള (internal lending) ആന്തരിക വായ്പ പരിഗണിക്കേണ്ടതില്ല. JLG യുടെ മിച്ച സമ്പാദ്യം കണക്കാക്കുന്നതിന് JLG അംഗങ്ങൾക്ക് അംഗത്വമുള്ള അയൽക്കൂട്ടത്തിലെ അവരവരുടെ സമ്പാദ്യത്തിൻറെ ആകെ തുക പരിഗണിക്കുന്നതാണ്.

3. തെരഞ്ഞെടുക്കപ്പെടുന്ന അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 10- ൽ താഴെയാകാനോ 20-ൽ കൂടുവാനോ പാടുള്ളതല്ല. JLG യുടെ അംഗസംഖ്യ 4 ൽ താഴെയാകാനോ 10-ൽ കൂടുവാനോ പാടുള്ളതല്ല.



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

**4.** വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിനോ / നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിനോ വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

## അപേക്ഷ സമർപ്പണവും തുടർപ്രക്രിയകളും

1. മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതികൾക്കുള്ള അപേക്ഷ രണ്ട് ഘട്ടങ്ങളായി സമർപ്പിക്കേണ്ടതാണ്.
2. പ്രാഥമിക അപേക്ഷ (MC-1) കോർപ്പറേഷൻറെ **www.keralapottery.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. സി.ഡി.എസ് കൾ നിശ്ചിത തീയതിക്കകം പ്രാഥമിക അപേക്ഷ പൂരിപ്പിച്ച് കോർപ്പറേഷൻറെ രജിസ്ട്രേഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
3. പ്രാഥമിക അപേക്ഷ പരിഗണിച്ച് അർഹരാണെന്ന് കണ്ടെത്തുന്ന സി.ഡി.എസ് കൾ കോർപ്പറേഷൻറെ വെബ്സൈറ്റിൽ **www.keralapottery.org** പ്രസിദ്ധീകരിച്ചിട്ടുള്ള വിശദമായ അപേക്ഷ തയ്യാറാക്കി നിശ്ചിത തീയതിക്കകം സമർപ്പിക്കേണ്ടതാണ്.
4. നിശ്ചിത തീയതിക്കകം വിശദമായ അപേക്ഷ കോർപ്പറേഷന് ഇ-മെയിൽ ആയി സമർപ്പിച്ച ശേഷം അസൽ അപേക്ഷ മെമ്പർസെക്രട്ടറി, ചെയർപേഴ്സൺ എന്നിവരുടെ ഒപ്പ് സഹിതം കോർപ്പറേഷൻ നിഷ്കർഷിക്കുന്ന തീയതിക്കകം കോർപ്പറേഷൻറെ രജിസ്ട്രേഡ് ഓഫീസിൽ നേരിട്ടു സമർപ്പിക്കേണ്ടതാണ്. **[MC-2(A)-(D)]**
5. വിശദമായ അപേക്ഷ പരിശോധിച്ച് കോർപ്പറേഷൻ അർഹരായ സി.ഡി.എസ് കൾക്ക് പ്രാഥമിക അംഗീകാരം നൽകുന്നതാണ്.
6. പ്രാഥമിക അംഗീകാരം ലഭിച്ചാൽ ഉടനെ സി.ഡി.എസ് കൾ വായ്പക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അയൽക്കൂട്ടങ്ങളിൽ നിന്നും നിർദ്ദിഷ്ട മാതൃകയിൽ വായ്പാ അപേക്ഷ (MC-9) വാങ്ങിക്കേണ്ടതും, അവ പരിഗണിച്ച് അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. അതുപോലെതന്നെ അയൽക്കൂട്ടങ്ങൾ വായ്പക്കായി തെരഞ്ഞെടുക്കപ്പെട്ട എല്ലാ അംഗങ്ങളിൽ നിന്നും നിർദ്ദിഷ്ട മാതൃകയിൽ (MC-10) വായ്പ അപേക്ഷ വാങ്ങിക്കേണ്ടതും, അവ പരിഗണിച്ച്



File No. KPMWDC/584/2024-A1 (Computer No. 50569)
Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

അനുവദിക്കുന്ന തുക രേഖപ്പെടുത്തി അനുമതി നൽകേണ്ടതുമാണ്. ടി രേഖകൾ സി.ഡി.എസ്. പരിശോധിച്ച് അവർ കോർപ്പറേഷനിൽ സമർപ്പിച്ച വിശദമായ അപേക്ഷ **[MC-2(A)-(D)]** യിലെ വിവരങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പ് വരുത്തേണ്ടതും സി.ഡി.എസ്. ൻറെ ഓഫീസിൽ ടി രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. മതം, ജാതി, വാർഷിക വരുമാനം എന്നിവ തെളിയിക്കുന്ന രേഖകൾ അംഗങ്ങളിൽ നിന്നും സി.ഡി.എസ് വാങ്ങേണ്ടതും അവയുടെ ആധികാരികത ഉറപ്പുവരുത്തേണ്ടതുമാണ്.

7. പ്രാഥമിക അംഗീകാരം ലഭിച്ച് **10** ദിവസത്തിനകം ചുവടെ ചേർക്കുന്ന രേഖകൾകൂടി നിർദ്ദിഷ്ട മാതൃകയിലുള്ള ചെക്ക്ലിസ്റ്റ് **(MC-3)** സഹിതം ഹാജരാക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച് പദ്ധതി നിബന്ധനകൾക്ക് അനുസൃതമല്ലെങ്കിൽ ഭേദഗതി ചെയ്യാൻ ആവശ്യപ്പെടുന്നതാണ്.

- കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ശുപാർശ (നിശ്ചിത ഫോർമാറ്റിൽ **(MC-4)**
- കഴിഞ്ഞ **3** സാമ്പത്തിക വർഷത്തെ ആഡിറ്റഡ് അക്കൗണ്ട്സ്, ബാലൻസ് ഷീറ്റ്, ആന്വൽ റിപ്പോർട്ട്, മൈക്രോ ക്രെഡിറ്റ് വായ്പാ എടുക്കുന്നതിന് സി.ഡി.എസ് ജനറൽ ബോഡി / എക്സിക്യൂട്ടീവ് കൈക്കൊണ്ട തീരുമാനത്തിൻറെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൻറെ മെമ്പർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- ചെയർപേഴ്സൻറെ ബയോഡാറ്റ.
- കമ്മിറ്റി ഭാരവാഹികളുടെ പേരും, തസ്തികയും, വിലാസവും. **(MC-5)**
- തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളുടെ കഴിഞ്ഞ **3** സാമ്പത്തിക വർഷത്തെ **KAAS** ആഡിറ്റ് റിപ്പോർട്ട്.
- അയൽക്കൂട്ടം സി.ഡി.എസ്- ൽ നിന്നും വായ്പാ എടുക്കുന്നതിന് കൈക്കൊണ്ട തീരുമാനത്തിൻറെ സി.ഡി.എസ്. ചെയർപേഴ്സൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

- അയൽക്കൂട്ടങ്ങളുടെ ബാങ്ക് സ്റ്റേററ്മെൻറിൻറെ പകർപ്പ്.
- തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പാ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ തിരിച്ചടവ് സംബന്ധിച്ച ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ട്.
- തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ നിശ്ചിത പെർഫോർമയിൽ **(MC-6)**
- നിർദ്ദിഷ്ഠ ഗ്രേഡിംഗ് ഷീറ്റിൻറെ അടിസ്ഥാനത്തിൽ അയൽക്കൂട്ടങ്ങളെ വിലയിരുത്തിയ റിപ്പോർട്ട് **(MC-7A)**, നിർദ്ദിഷ്ഠഫോറത്തിൽ **JLG** കളുടെപ്രവർത്തനം വിലയിരുത്തിയ റിപ്പോർട്ട് **(MC-7B)**
- മിച്ച സമ്പാദ്യം പരിശോധിക്കുന്നതിനു സമ്പാദ്യ രജിസ്റ്ററിൻറെ സി.ഡി.എസ്. ചെയർപേഴ്സൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**8.**സമർപ്പിക്കപ്പെട്ട രേഖകളുടെ സൂഷ്മ പരിശോധനക്ക് ശേഷം വായ്പാ വിതരണ ഉത്തരവ് നൽകുന്നതാണ്. വായ്പാ അനുമതി ലഭിച്ച് കഴിഞ്ഞാൽ ഗുണഭോക്തൃ പട്ടിക ഭേദഗതി ചെയ്യാൻ അനുവദിക്കുന്നതല്ല.

**9.**സി.ഡി.എസ്. തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങളിലെ അംഗങ്ങളുമായി (നിശ്ചിത ഫോർമാറ്റിൽ) ഇൻറെർസെ **(Inter se)** കരാറിൽ ഏർപ്പെടേണ്ടതും ആയത് കോർപ്പറേഷൻറെ ഓഫീസിൽ വായ്പാ കരാറിൽ ഏർപ്പെടുന്നതിനു മുൻപ് ഹാജരാക്കേണ്ടതുമാണ്. **(MC-11)**

## <u>വായ്പാ വിതരണവും തുടർ പ്രക്രിയകളും</u>

1. വായ്പാ കരാറിൽ ഏർപ്പെട്ട ശേഷം സി.ഡി.എസ്. ന് വായ്പാ തുക സി.ഡി.എസ് ൻറെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. സി.ഡി.എസ് **15** ദിവസത്തിനകം വായ്പാ തുക അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. അയൽക്കൂട്ടങ്ങൾ **15** ദിവസത്തിനകം വ്യക്തിഗത ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യേണ്ടതുമാണ്.
2. സി.ഡി.എസ് / അയൽക്കൂട്ടം / **JLG** എന്നിവർ വായ്പാ വിതരണ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, വായ്പാ വിതരണം, തിരിച്ചടവ്



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

തുടങ്ങിയ മുഴുവൻ വിശദാംശങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്.

3. വ്യക്തിഗത ഗുണഭോക്താക്കൾക്ക് വായ്പാ വിതരണം ചെയ്ത് 15 ദിവസത്തിനകം നിർദ്ദിഷ്ഠ മാതൃകയിൽ വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്. (MC-12)
4. പദ്ധതിയുടെ ഏത് ഘട്ടത്തിലും കോർപ്പറേഷൻറെ ഉദ്യോഗസ്ഥർക്കോ അല്ലെങ്കിൽ ഇതിനായി നിയോഗിക്കുന്ന ഏജൻസികൾക്കോ ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിനും ഗുണഭോക്താക്കളെ നേരിൽക്കണ്ട് വായ്പാ വിനിയോഗം പരിശോധിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

–

## <u>വിനിയോഗിക്കാത്ത വായ്പാ തുകയുടെ തിരിച്ചടവ്</u>

സി.ഡി.എസ്. / അയൽക്കൂട്ടം / JLG യ്ക്ക് തുക ലഭിച്ച് 15 ദിവസത്തിനകം വിനിയോഗിക്കാത്ത തുക സി.ഡി.എസ് 8% പലിശ സഹിതം ടി സമയ പരിധിക്കു ശേഷം 15 ദിവസത്തിനകം കോർപ്പറേഷനിൽ തിരിച്ചടയ്ക്കേണ്ടതാണ്. അയൽക്കൂട്ടങ്ങൾക്ക് വായ്പാ തുക കൈമാറുന്നതിന് മുമ്പ് നിശ്ചിത സമയത്തിനകം യഥാവിധി തുക വിനിയോഗിക്കുമെന്ന് സി.ഡി.എസ്സ്. ഉറപ്പാക്കേണ്ടതാണ്.

## <u>വായ്പാ ദുർവിനിയോഗം</u>

കെ.എസ്.പി.എം.എം.ഡബ്ല്യു.ഡി.സി. നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ, പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രം വിനിയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട അയൽക്കൂട്ടങ്ങൾ, വ്യക്തിഗത ഗുണഭോക്താക്കൾ എന്നിവരുടെ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും സി.ഡി.എസ്. ൻറെ ബാധ്യതയാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിച്ചതായി ബോധ്യപ്പെട്ടാൽ വായ്പയുടെ ദുർവിനിയോഗമായി കണക്കാക്കുന്നതും, ദുർവിനിയോഗപ്പെട്ട തുക വായ്പ അനുവദിക്കപ്പെട്ട തീയതി മുതൽ പ്രാബല്യത്തോടെ 12% പിഴപ്പലിശയോടു കൂടി തിരിച്ചടക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. തുക ഒന്നിച്ചോ



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM

ഗഡുക്കളായോ തിരിച്ചടയ്ക്കുവാൻ ആവശ്യപ്പെടുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്. ആവശ്യമാണെന്ന് കാണുന്ന പക്ഷം നിയമ നടപടികൾ സ്വീകരിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കും.

## പ്രോസസിംഗ് ഫീസ്

വായ്പാ തുകയുടെ **0.25%** പ്രോസസിംഗ് ഫീസായി ഈടാക്കുന്നതാണ്. എന്നാൽ പരമാവധി പ്രോസസിംഗ് ഫീസ് **5000/-** രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഒരു സി.ഡി.എസ്. ന് ഒന്നിലേറെ ഫണ്ടുകളിൽ നിന്നും ഒരേ ദിവസം വായ്പ അനുവദിക്കുമ്പോൾ ആകെ അനുവദിക്കുന്ന വായ്പാ തുകയുടെ അടിസ്ഥാനത്തിൽ പ്രോസസിംഗ് ഫീസ് കണക്കാക്കുന്നതാണ്. വായ്പാ കരാറിൽ എർപ്പെടുന്നതിന് മുൻപ് പ്രോസസിംഗ് ഫീസും അപേക്ഷ ഫോറത്തിൻറെ വിലയായി **100** രൂപയും ഒടുക്കേണ്ടതാണ്.



File No. KPMWDC/584/2024-A1 (Computer No. 50569)

Generated from eOffice by Anlet Jeothy G.S., CT 1 KSPMMWDC, CT 1 KSPMMWDC, KSPMMWDC on 14/10/2024 11:38 AM